(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി പ്രകാരം എത്ര ഹെക്ടർ വനഭൂമിയിൽ മരംവച്ചുപിടിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രക്ഷീണ വനങ്ങളിൽ ഈറ്റ, മുള അടക്കമുള്ള കൂടുതൽ തദ്ദേശീയ മരങ്ങൾ വച്ചുപിടിപ്പിക്കുന്ന പദ്ധതിക്ക് രൂപം നൽകുമോ;

(ഡി) പ്രക്ഷീണ വനഭൂമിയിൽ മരം വച്ചു പിടിപ്പിക്കുന്നതിന് 1999-2000 വർഷത്തിൽ എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ:

(ഇ) പ്രക്ഷീണ വനങ്ങളിൽ മരംവച്ചുപിടിപ്പിക്കുന്നതിന്റെ മറവിൽ ചെറുമരങ്ങളും അടിക്കാടുകളും വെട്ടിനശിപ്പിക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ.നാണു) ;

(എ) ഉണ്ട്.

(ബി) 1999-2000 വർഷം ഉൾപ്പെടെ മൊത്തം 64255 ഹെക്ടർ വനഭൂമിയിൽ ഇപ്രകാരം മരംവച്ചു പിടിപ്പിച്ചിട്ടുണ്ട്.

(സി) ഈറ്റ, മുള, ചൂരൽ ഉൾപ്പെടെയുള്ള തദ്ദേശിയ മരങ്ങൾ തന്നെയാണ് വച്ചുപിടിപ്പിക്കുന്നത്. പ്രക്ഷീണ വനങ്ങളിൽ മുള വച്ചുപിടിപ്പിക്കുന്നതിനുള്ള ഒരു പ്രത്യക പദ്ധതി തയ്യാറാക്കി കേന്ദ്ര സഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ഡി) പ്രക്ഷീണ വനഭൂമിയിൽ മരംവച്ചുപിടിപ്പിക്കുന്നതിനായി 1999-2000 വർഷത്തിൽ 2209.01 ലക്ഷം രൂപ വിവിധ പദ്ധതികളിലായി ചെലവഴിച്ചുണ്ട്.

(ഇ) പ്രക്ഷീണ വനങ്ങളിൽ മരം വച്ചു പിടിപ്പിക്കുന്നതിന്റെ ഭാഗമായി കളകൾ വെട്ടികളയാറുണ്ട് എന്നാൽ ചെറുമരങ്ങളും കളകളല്ലാത്ത അടിക്കാടുകളും വെട്ടി നശിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കെ.എസ്.ആർ. ടി.സി. പുതുതായി വാങ്ങിയ ബസ്സുകൾ

12 (*72)ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ കാര്യക്ഷമമാക്കുന്നതിനും യാത്ര ക്ലേശം പരിഹരിക്കുന്നതിനുമായി സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) യാത്ര ക്ലേശം പരിഹരിക്കുന്നതിന്റെ ഭാഗമായി പുതുതായി ബസ്സുകൾ നിരത്തിലിറക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പുകളുടെ ആധുനിക വൽക്കരണത്തിനും പുതിയ ബസ്സുകൾ വാങ്ങുന്നതിനുമായി ഹഡ്കോയുടെ സഹായത്തോടെ എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) സ്പെയർ പാർട്ട്സുകളുടെ അഭാവംമൂലം സർവ്വീസുകൾ കാര്യക്ഷമമായി നടത്താൻ കഴിയുന്നില്ലെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) :

(എ)-(സി) സർവ്വീസ് കാര്യക്ഷമമാക്കുന്നതിനും യാത്രാക്ലേശം പരിഹരിക്കുന്നതിനുമായി 1200 പുതിയ ബസ്സുകൾ നിരത്തിലിറക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഹഡ്കോ, സർവ്വീസ് സഹകരണ ബാങ്ക് മുതലായ സഹകരണ സ്ഥാപനങ്ങളിൽ നിന്നും ഇതിനായി വായ്പകൾ എടുത്തു കഴിഞ്ഞു. ആദ്യ ഗഡു വായ്പ ഉപയോഗിച്ചു വാങ്ങിയ ബസ്സുകൾ ദീർഘദൂര സർവ്വീസുകളാക്കി യാത്രാക്ലേശം കൂടുതലുള്ള റൂട്ടുകളിൽ ഓടിച്ചുതുടങ്ങി. പ്രധാന സ്ഥലങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ബസ് സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. ജീവനക്കാർക്ക് ആകർഷകമായ ഇൻസെന്റീവ് സ്കീം നടപ്പിലാക്കിക്കൊണ്ട് സർവ്വീസ് കാര്യക്ഷമമാക്കുവാൻ നടപടികൾ സ്വീകരിച്ചു. ജീവനക്കാരുടെ കുറവുമൂലം സർവ്വീസ് മുടക്കൽ ഒഴിവാക്കാനായി പുതിയ നിയമനങ്ങൾ നടത്തുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) വർക്ക്ഷോപ്പുകളുടെ ആധുനീകവൽക്കരണം ഉൾപ്പെടെ കോർപ്പറേഷന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും പുതിയ ബസ്സുകൾ നിരത്തിലിറക്കുന്നതിനുമായി ഹഡ്കോയും കെ.എസ്.ആർ.ടി.സി.യും ചേർന്ന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതുപ്രകാരം ഇടപ്പാളിൽ 15 ലക്ഷം രൂപ ചെലവിൽ മൾട്ടീഷണൽ ഇൻ മാനേജും, കോഴിക്കോട് റീജിയണൽ വർക്ക്ഷോപ്പിൽ 69 ലക്ഷം രൂപ ചെലവിൽ ഫോർമേക്ക് ഗ്യാരേജും നിർമ്മിക്കുന്നതാണ്.

(എഫ്) ആവശ്യാനുസരണം സ്പെയർ പാർട്ട്സുകൾ വാങ്ങി നൽകുന്നുണ്ട്.

കള്ളുഷാപ്പുകളുടെ ലേലത്തിൽ ലഭിച്ച തുക

13 (*73)ശ്രീമതി കെ.ആർ ഗൗരിയമ്മ :

ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ :

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1996-97, 1997-98, 1998-99 1999-2000, 2000-2001 വർഷങ്ങളിൽ കള്ളുഷാപ്പുകൾ ലേലം ചെയ്ത ഇനത്തിൽ സർക്കാരിന് ലഭിച്ച തുക എത്ര;

(ബി) ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) 1996 മുതൽ 2000-വരെയുള്ള സാമ്പത്തിക വർഷത്തിൽ കള്ളിന്റെ ഉല്പാദനം വർദ്ധിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ ഓരോ വർഷത്തിലും എത്ര ലിറ്റർ കള്ളിന്റെ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്;

(ഡി) കള്ളുഷാപ്പുകളിൽ നിന്നും ലഭിക്കുന്ന കള്ളിൽ മായം ചേർക്കുന്നതായി സർക്കാരിന് പരാതി ലഭിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly